# 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക:— 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും:—(1) ഈ ആക്റ്റിന് 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2005 ആഗസ്റ്റ് 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 3-ാം വകുപ്പിന്റെ ഭേദഗതി:—2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിലെ (2007-ലെ 7) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 3-ാം വകുപ്പിന്റെ,—

(എ) (2)-ാം ഉപവകുപ്പിന്റെ (iii)-ാം ഇനത്തിൽ, "മുഖേന ലഭിക്കുന്ന" എന്ന വാക്കുകൾക്കുശേഷം "വിഹിതമോ" എന്ന വാക്ക് ചേർക്കേണ്ടതാണ് ;

(ബി) (4)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ,—

(എ) "പത്തു വർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും" എന്ന വാക്കുകൾക്ക് പകരം, "അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ബി) "(നിലവിൽ ക്ഷേമനിധിയിൽ അംഗമായി പെൻഷനോ മറ്റാനുകൂല്യങ്ങളോ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് ഈ വ്യവസ്ഥ ബാധകമല്ല)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ഒഴിവാക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിനും അതിന്റെ ക്ലിപ്തനിബന്ധനയ്ക്കും പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ബി) ക്ഷേമനിധിയിൽ അംഗമായശേഷം അഞ്ചുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാവുകയും ചെയ്ത അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് :

എന്നാൽ, 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റ് (2007-ലെ 7) പ്രസിദ്ധപ്പെടുത്തുന്ന തീയതിക്കുമുമ്പായി ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും, അയാൾ സംഘത്തിൽ അംഗമായി പത്തുവർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ, പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്.".

(സി) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) (4)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു അംഗം ഈ ആക്റ്റോ പദ്ധതിയോ പ്രകാരം ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുന്ന സംഗതിയിൽ, ആ അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാൽ അളക്കുന്നുവെങ്കിൽ, മരണപ്പെട്ട അംഗം പാൽ അളന്ന കാലയളവ് കൂടി, അനന്തരാവകാശിയായ അംഗത്തിന്, ആക്റ്റോ പദ്ധതിയോ കൊണ്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കേണ്ടതാണ്.".

3. 4-ാം വകുപ്പിന്റെ ഭേദഗതി:— പ്രധാന ആക്റ്റിലെ 4-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിൻ കീഴിലുള്ള വിശദീകരണം വിട്ടുകളയേണ്ടതാണ്.

4. 11-ാം വകുപ്പിന്റെ ഭേദഗതി:— പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ "നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടേയും, മറ്റ് ഉദ്യോഗസ്ഥന്മാരുടേയും" എന്ന വാക്കുകൾക്ക് പകരം, "നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടേയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 13-ാം വകുപ്പിന്റെ ഭേദഗതി:— പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും സംഘം അംശദായം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തുകയാണെങ്കിൽ പ്രസ്തുത സംഘത്തിൽ നിന്നും ഭൂമിയിന്മേലുള്ള പൊതുകര കുടിശ്ശിക എന്ന പോലെ പ്രസ്തുത തുക പലിശസഹിതം വസൂലാക്കാവുന്നതാണ്.".

6. റദ്ദാക്കലും ഒഴിവാക്കലും.— 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 10) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.